LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : എന്തെങ്കിലും ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാം എന്ന് അങ്ങ് പറഞ്ഞു. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത, നിയമനം പി.എസ്.സി. വഴി ആകണമെന്ന് തീരുമാനിച്ച ഒരു സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. ഈ കഴിഞ്ഞ കുറച്ച് നാളുകളായി അവിടെ 500-ൽ അധികം ആളുകളെ പുറം വാതിലിലൂടെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത ഈ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള പുറംവാതിൽ നിയമനം ഉടനടി റദ്ദ് ചെയ്ത് പി.എസ്.സി. വഴി നിയമനം നടത്താനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഈ ഗവൺമെന്റ് വരുന്നതിന് മുമ്പ് മുതൽ നിയമിച്ചിട്ടുള്ള കുറെ ആളുകൾ അവിടെയുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം മാത്രമല്ല, അതിന് മുമ്പും ഉണ്ട്. ഞാൻ അത് നോക്കി. അവരെ സ്ഥിരപ്പെടുത്തണമെന്ന് പറഞ്ഞ് അവർ കോടതിയിൽ പോയി. ഗവൺമെന്റിനോട് സ്ഥിരപ്പെടുത്തണമെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് അത് ചെവിക്കൊണ്ടില്ല. അതിനോട് അനുകൂലമായ ഒരു നിലപാട് എടുത്തില്ല. കോടതിയിൽ പോയപ്പോൾ കോടതി, ഗവൺമെന്റിനോട് ഇവരുടെ കാര്യം തീരുമാനിക്കണമെന്ന് പറഞ്ഞു. അതുകൊണ്ട് അവർ പണ്ടുമുതലേ ഉള്ളവരായതുകൊണ്ട് സ്ഥിരപ്പെടുത്തിയതാണ്. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്തുള്ളവരേയും യു.ഡി.എഫ് ഭരിച്ചിരുന്ന കാലത്തുള്ളവരേയും എല്ലാം സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചു.

വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയം പൂട്ടാതിരിക്കാൻ നടപടി

3 [*114] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയവും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും അടച്ച് പൂട്ടുവാനുള്ള ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പൂട്ടാതിരിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) ഇത് പൂട്ടരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല തവണ കത്ത് എഴുതിയിട്ടുണ്ട്. അതിന് മറുപടിയായി കേന്ദ്ര സർക്കാർ ഇതേക്കുറിച്ച് പഠിച്ചശേഷമേ തീരുമാനം എടുക്കൂ എന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അതിന് പുറമെ ഈ സെന്ററിന്റെ നിലനിൽപ്പിനായി 1.75 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകുകയും ചെയ്തിരുന്നു. 24-1-2006-ൽ കേന്ദ്ര മന്ത്രി ശ്രീ. ശരത്പവാറിന് ഈ വിഷയത്തിൽ ഒരു കത്തുകൂടി അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, കേന്ദ്ര ഗവൺമെന്റിന് സംസ്ഥാനത്തോടുള്ള സമീപനത്തിന്റെ തെളിവാണിത്. വിഴിഞ്ഞത്തുള്ള മദറെൻ അക്കേഡറിയവും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും അടച്ചുപൂട്ടാൻ തീരുമാനിക്കുക മാത്രമല്ല ഇത് തമിഴ് നാട്ടിലെ മണ്ഡപം എന്ന സ്ഥലത്തേക്ക് മാറ്റാനുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. അങ്ങ് മനസ്സിലാക്കേണ്ട കാര്യം ഈ സംസ്ഥാനത്ത് കോൺഗ്രസ് ഭരിച്ചിട്ടുപോലും കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് പാർട്ടിക്ക് ന്യായമില്ല. നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്നുള്ളതാണ് പ്രശ്നം. ഈ ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്തിരിക്കുന്ന കണവ മത്സ്യം ഏറ്റവുമധികം വിദേശത്തേക്ക് കയറ്റുമതി സാധ്യതയുള്ളതാണ്. അങ്ങനെയുള്ള ഈ ഗവേഷണ കേന്ദ്രം പൂട്ടാനുള്ള തീരുമാനമെടുത്തിട്ട് ഒരു കത്ത് അയച്ചുകൊണ്ട് ഗവൺമെന്റ് കുത്തിയിരിക്കുകയാണ്. കത്ത് അയച്ചാൽ മതിയോ? എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര മന്ത്രിയോട് പൂട്ടാൻ പാടില്ല എന്ന് പറയുന്നില്ല. ഇതിന് ശക്തമായ സമര പരിപാടികൾ ജനങ്ങൾ നടത്തുകയാണ്. അങ്ങ് മറുപടി പറഞ്ഞിട്ട് കാര്യമില്ല. മുഖ്യമന്ത്രി പറയണം. അതുകൊണ്ടാണ് ചോദിച്ചത്. എന്തുകൊണ്ട് ഗവൺമെന്റ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല? ഇതിന്റെ ഉത്തരമാണ് അങ്ങ് പറയേണ്ടത്.

ശ്രീ. വക്കം പുരുഷോത്തമൻ: ഇത് ക്യാൻസൽ ചെയ്തത് ബി.ജെ.പി. ഗവൺമെന്റ് അവിടെയിരുന്നപ്പോഴാണ്. അന്ന് ശ്രീ. എ. കെ. ആന്റണി ഇവിടെ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹം ഇത് നിർത്താൻ പാടില്ല എന്നുപറഞ്ഞ് കത്ത് എഴുതി. പക്ഷേ അന്ന് എല്ലാം ആലോചിച്ചിട്ടേ നിർത്തലാക്കുകയുള്ളു എന്ന് മറുപടി കിട്ടിയെങ്കിലും അവർ ഇത് ഇവിടെനിന്ന് കൊണ്ടുപോകുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുണ്ടായി. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ശ്രീ. ശരത്പവാറിന് ഒരു കാരണവശാലും നിർത്താൻ പാടില്ല എന്നു പറഞ്ഞ് ലെറ്റർ എഴുതി; ഒരു കാരണവശാലും നിർത്താൻ പാടില്ല എന്നു പറഞ്ഞ് മുഖ്യമന്ത്രിയും ശ്രീ. ശരത്പവാറിന് ലെറ്റർ എഴുതി. അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞു. ഇതിനുപുറമെ എം.പി. മാരുടെ കോൺഫറൻസിൽ ഇതൊരു ഐറ്റമായി ഗവൺമെന്റ് ഉൾപ്പെടുത്തി. നമ്മുടെ ശക്തൻമാരായ എം. പി. മാർ അവിടെയുണ്ട്. ഒരു കാരണവശാലും ഇത് നിർത്താൻ അനുവദിക്കരുത്; നിങ്ങൾ ശക്തമായി വാദിച്ച് ഇത് പിടിച്ചുനിർത്തണം എന്ന് എം. പി. മാരുടെ കോൺഫറൻസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തിട്ടുണ്ട്. ശ്രീ. ശരത്പവാറാണ് ബന്ധപ്പെട്ട മന്ത്രി. അതുകൊണ്ട് ഗവൺമെന്റ് ഈ ശ്രമങ്ങളുമായി മുന്നോട്ടുപോകുകതന്നെ ചെയ്യും. വളരെ ആത്മാർത്ഥമായി ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ ചോദ്യത്തിന്റെ ഉത്തരം അങ്ങ് ഇപ്പോഴും പറഞ്ഞില്ല. യഥാർത്ഥത്തിൽ ഫിഷറീസ് മന്ത്രിയോട് ചോദിച്ചാൽ പോരേ? അത് ചോദിച്ചിട്ട് കാര്യമില്ല. തിരുവനന്തപുരത്തോട് സ്നേഹമുള്ള ഒരു മന്ത്രിയാണ് ഇവിടെ മുഖ്യമന്ത്രിയുടെ സ്ഥാനത്ത് ചാർജ്ജ് എടുക്കാൻ പോകുന്നത് എന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ചോദ്യം അങ്ങയോട് ചോദിച്ചത്. കേന്ദ്ര ഗവൺമെന്റും

സംസ്ഥാന ഗവൺമെന്റും തമ്മിൽ ചർച്ച നടക്കുമ്പോൾ എം.പി. മാരോട് മാത്രം പറഞ്ഞാൽ പോര. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകമായ ഇന്ററസ്റ്റ് എടുത്ത് പ്രധാനമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യാനും ഇവിടെ നടക്കുന്ന സമരം അവസാനിപ്പിക്കാനും ഈ സ്ഥാപനം ഇവിടെ നിലനിർത്താനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : അതിനാണ് ഉത്തരം പറഞ്ഞത് എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തുന്നുണ്ട്.

ശ്രീ. എം. മുരളി : സർ, വിഴിഞ്ഞത്തിന്റെ വികസന സാധ്യതകൾ വെട്ടിത്തുറക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ നമ്മുടെ സ്കൂൾ വിദ്യാർത്ഥികളും സർവ്വകലാശാലാ വിദ്യാർത്ഥികളും മുഴുവൻ വളരെയേറെ താൽപ്പര്യപൂർവ്വം സന്ദർശിക്കുന്ന ഈ സ്ഥാപനം നിലനിർത്താനും തമിഴ്നാട്ടിലേക്ക് പോകാതിരിക്കാനുമുള്ള പൊളിറ്റിക്കൽ പ്രഷർ ചെലുത്തുന്നതോടൊപ്പം ശംഖുംമുഖത്ത് കേരള സർവ്വകലാശാലയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ആകർഷകമായ അക്വേറിയം സതേൺ എയർ കമാൻഡന്റ് വന്നതോടുകൂടി അടച്ചു പൂട്ടിയിരിക്കുകയാണ്. നഷ്ടപരിഹാരമായി പത്ത് കോടി രൂപ ഡിഫൻസ് നമുക്ക് തന്നിട്ടുണ്ട്. ആ പത്ത് കോടി രൂപ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റുകൂടി മുൻകയ്യെടുത്ത് ഈ ഒന്നേമുക്കാൽ ഏക്കർ സ്ഥലം ലഭ്യമാക്കുന്നതുപോലെ വിഴിഞ്ഞം അക്വേറിയം കൂടുതൽ വികസിപ്പിക്കാനും വിപുലവുമാക്കാനുള്ള നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : അങ്ങനെയൊന്ന് ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലില്ല. അതൊക്കെ പരിശോധിക്കാവുന്നതാണ്. ഇതിന്റെ ഭാവി എന്താണെന്ന് അറിഞ്ഞതിനുശേഷം നമുക്ക് പരിശോധിക്കാവുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, വാസ്തവത്തിൽ ഐ.സി.എ.ആർ.ന്റെ എക്സ്പെന്റീച്ചർ കമ്മിറ്റി ചെലവ് ചുരുക്കാനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചതിന്റെ ഭാഗമായി പല യൂണിറ്റുകളും ഇന്റഗ്രേറ്റ് ചെയ്യണമെന്ന് പറഞ്ഞു. ഇത് നീക്കാനുള്ള നടപടികൾ ആദ്യം ഉണ്ടായപ്പോൾ ശക്തമായ എതിർപ്പുണ്ടായതിനെത്തുടർന്ന് നിർത്തിവച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ ആരും ശ്രദ്ധിക്കാതിരുന്ന സമയത്ത് 2004 ഏപ്രിലിലാണ് ഇത് മാറ്റിക്കൊണ്ടുള്ള നിർദ്ദേശം ഐ.സി.എ.ആർ. പുറപ്പെടുവിച്ചത്. എക്സ്പെന്റീച്ചർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കപ്പുറം ഇതിന്റെ വിശദാംശങ്ങളിലേക്ക് പോകാൻ ഐ.സി.എ.ആർ-ഓ സി.എം.എഫ്.ആർ.ഐ.-യോ തയ്യാറായില്ല. അവരെ ഇത് ബോധ്യപ്പെടുത്താൻ വേണ്ടിയുള്ള ഒരു ചർച്ച കേന്ദ്ര ഗവൺമെന്റ് നിലവാരത്തിൽ സംഘടിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നുള്ളതാണ് ഈ തീരുമാനം മാറ്റാൻ ഏറ്റവും കരണീയമായിട്ടുള്ളത്. കേവലം കത്ത് അയച്ചതുകൊണ്ട് മാത്രമായില്ല. എം.പി. മാർ ഇത് ടേക്കപ്പ് ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണം. എടുക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : ഈ പ്രശ്നത്തിന്റെ പ്രാധാന്യവും ഈ സഭയുടെ സെൻസും മനസ്സിലാക്കി കേരള മന്ത്രിസഭയുടെ ഒരു പ്രതിനിധി ഡൽഹിയിൽ പോയി ഈ സ്ഥാപനം ഇവിടെ നിലനിർത്താൻ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഈ പറഞ്ഞതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വേണ്ടുന്ന നടപടികൾ സ്വീകരിക്കും. സ്വീകരിച്ചിട്ടുണ്ട്. തുടർന്നും സ്വീകരിക്കും.

പോലീസ് സേനയുടെ നവീകരണം

4 [*115] ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. മുഹമ്മദാലി:
,, ജി. കാർത്തികേയൻ:
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണം ആരംഭിച്ച ശേഷം പ്രസ്തുത നവീകരണത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) ഈ നവീകരണ പദ്ധതികളിൽ പോലീസും പൊതുജനങ്ങളും തമ്മിൽ മെച്ചപ്പെട്ട ബന്ധം പാലിക്കുന്നതിന് എന്തെല്ലാം പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്;

(സി) ഈ പരിപാടികൾ വിജയകരമായിട്ടുണ്ടോ;

(ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്തുക്കളാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്നറിയിക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) പോലീസ് സേനയിൽ നവീകരണം ആരംഭിച്ചശേഷം 1992-93 മുതൽ 2,79,90,09,033 രൂപ ചെലവഴിച്ചു.

(ബി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന നവീകരണ പദ്ധതിയിൽ ചെലവാക്കുന്ന തുക കെട്ടിടങ്ങൾ, വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ സ്വായത്തമാക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുവഴി പൊതുജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസവും മതിപ്പും വർദ്ധിപ്പിക്കുന്നതിനും പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ഊഷ്മളമായി നിലനിർത്തുവാനും സാധിക്കുന്നു.

(സി) വിജയകരമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly